# മലർവാടി

**കുട്ടികളുടെ ദ്വൈവാരിക**

16 ജൂലൈ 2020, പുസ്തകം 40, ലക്കം 15






## മലർമൊഴി

"സ്നേഹമില്ലാത്ത
ഏതു മനുഷ്യശരീരവും
ശ്മശാനമാണ്''

**കബീർ ദാസ്**

ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താക്കളിൽ പ്രമുഖനായിരുന്ന കബീർ ദാസിനെ കുറിച്ച് നിങ്ങൾ കേട്ടിരിക്കും. 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അദ്ദേഹം ഒരു നെയ്ത്തുകാരനായിരുന്നു

ജാതിവ്യവസ്ഥക്കും മനുഷ്യർക്കിടയിലെ അസമത്വത്തിനുമെതിരെ തന്റെ കവിതകളിലൂടെ അദ്ദേഹം പ്രതികരിച്ചു. ഹിന്ദു-മുസ്‌ലിം മൈത്രിയുടെ മഹത്തായ പ്രതീകമായി അദ്ദേഹത്തിന്റെ നാമം ചരിത്രത്തിൽ രേഖപ്പെട്ടിരിക്കുന്നു.


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Salimgroad** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com

**സ്നേഹത്തിലൂടെയേ മനുഷ്യന് പുരോഗതി കൈവരൂ. മനുഷ്യനെ സേവിക്കാത്തവന് ദൈവത്തിനുവേണ്ടി ഒരുസേവനവും ചെയ്യാനാവില്ല. കബീർദാസ് തന്റെ കവിതകളിലൂടെ ഉൽബോധിപ്പിച്ചു.**




ഭൂമിയിലെ എല്ലാ ചരാചരങ്ങളിലും ജീവജാലങ്ങളിലും ദൈവത്തിന്റെ സ്നേഹം കുടികൊള്ളുന്നു എന്നും അതിനാൽ മറ്റു മനുഷ്യരോടുള്ള സ്നേഹവും കാരുണ്യവും ദൈവവിശ്വാസത്തിന്റെ ഭാഗമാണെന്നും അദ്ദേഹം വിശ്വസിച്ചു. സുഖാസക്തികളുടെ മാർഗത്തിൽ നിന്ന് മുക്തമായി എല്ലാറ്റിനെയും സ്നേഹിക്കുന്നവനൊപ്പമാണ് ദൈവം എന്ന് അനുയായികളെ ഉപദേശിച്ചു. മനുഷ്യസ്നേഹമാണ് എല്ലാ നന്മകളുടെയും ഉറവിടമെന്ന് ഉൽഘോഷിച്ചു. സ്നേഹത്തിലൂടെയേ മനുഷ്യന് പുരോഗതി കൈവരൂ. മനുഷ്യനെ സേവിക്കാത്തവന് ദൈവത്തിനുവേണ്ടി ഒരുസേവനവും ചെയ്യാനാവില്ല. കബീർദാസ് തന്റെ കവിതകളിലൂടെ ഉൽബോധിപ്പിച്ചു. അദ്ദേഹത്തിന്റെ ദർശനത്തിൽ സ്നേഹമില്ലാത്ത ശരീരം ശ്മശാനമാണ്.

അധികാരം കൈക്കലാക്കാൻ ജനങ്ങളിൽ മതസ്പർദ്ദയും പരസ്പര വിദ്വേഷവും ജനങ്ങളിൽ വളർത്തുന്ന രാഷ്ട്രീയ നേതാക്കളും ഭരണാധികാരികളും പെരുകുന്ന ഈ കാലത്ത് കബീർദാസിന്റെ വചനങ്ങൾ ഐക്യത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും മനോഹര മാതൃകയായി നമ്മെ ആകർഷിക്കുന്നു.

• പി.എ.എൻ

▸▸ ഇന്ത്യയിലെ ഏറ്റവും വലിയ ഉപ്പുജല തടാകം– സാംബാർ തടാകം (രാജസ്ഥാൻ)